വേണം

## മുഖക്കുറിപ്പ്

# പ്രീണനമല്ല; കേവല നീതി

**ജസ്റ്റിസ്** സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെത്തുടർന്ന് പ്രധാനമന്ത്രി മൻമോഹൻ സിംഗ് നടത്തിയ ചില പ്രസ്താവനകൾ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ രംഗങ്ങളിൽ അധഃസ്ഥിതിയിലാണ്ടുകിടക്കുന്ന മുസ്‌ലിം ന്യൂനപക്ഷത്തിന് പ്രതീക്ഷക്ക് വകനൽകുന്നതായിരുന്നു. 2006 സെപ്റ്റംബറിൽ ചേർന്ന ദേശീയ വികസന കൗൺസിൽ യോഗത്തിലും ഡിസംബറിൽ ചേർന്ന ദലിത്-മുസ്‌ലിം കോൺഫറൻസിലും, രാജ്യത്തെ മുസ്‌ലിം ന്യൂനപക്ഷത്തെ ശാക്തീകരിക്കേണ്ടതിന്റെ അനിവാര്യത പ്രധാനമന്ത്രി ഊന്നിപ്പറയുകയുണ്ടായി. നേരത്തേ അവഗണിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് ദേശീയ വിഭവങ്ങളുടെ വിതരണത്തിൽ മുൻഗണനയും അധികാര മണ്ഡലങ്ങളിൽ അർഹമായ പങ്കാളിത്തവും ലഭിക്കുമ്പോഴേ ഇന്ത്യൻ ജനതയുടെ പൊതുവായ ക്ഷേമം യാഥാർഥ്യമാകൂ. ഭരണഘടനാപരവും നിയമപരവുമായ സകല സംരക്ഷണങ്ങളും ഉള്ളതോടൊപ്പംതന്നെ സ്വാതന്ത്ര്യം ലഭിച്ച് ആറു പതിറ്റാണ്ട് പിന്നിട്ടിട്ടും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ദലിതുകളും മറ്റു പിന്നാക്ക വിഭാഗങ്ങളും ക്രൂരമായ വിവേചനത്തിനും പീഡനത്തിനും ഇരകളായിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ചില ആഫ്രിക്കൻ രാജ്യങ്ങളോടു മാത്രമേ നമുക്ക് താരതമ്യമുള്ളൂ. രാഷ്ട്രീയ-സാമൂഹിക- സാംസ്കാരിക തലങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിക്കാതെ അസ്പൃശ്യതാ മനോഭാവം ഉച്ചാടനം ചെയ്യാനാവില്ല. അസമത്വവും ഉച്ചിനീചത്വവും അവസാനിപ്പിക്കുക എന്ന ഭരണഘടനാപരമായ ഉത്തരവാദിത്വം പൂർത്തീകരിക്കാൻ പ്രതിജ്ഞാബദ്ധമായ തന്റെ ഗവൺമെന്റ് ഉദ്യോഗങ്ങളിലും വിഭവവിതരണത്തിലും, ദലിതുകൾക്കും മുസ്‌ലിംകളാദി പിന്നാക്ക വിഭാഗങ്ങൾക്കും അവരർഹിക്കുന്ന വിഹിതം നൽകാനുള്ള ധീരമായ ചുവടുവെപ്പുകൾ നടത്താൻ പോവുകയാണെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചു.

പ്രധാനമന്ത്രിയുടെ പ്രഖ്യാപനങ്ങളെ ഭരണഘടനാവിരുദ്ധം, മത-ജാതീയ വിഭാഗീയതകൾക്കുള്ള പ്രോത്സാഹനം, ആസന്നമായ യു.പി നിയമസഭാ തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് മുസ്‌ലിം വോട്ടുകൾ കീശയിലാക്കാൻ കോൺഗ്രസ് നടത്തുന്ന നിർലജ്ജമായ മുസ്‌ലിം പ്രീണനം എന്നിങ്ങനെ ആക്ഷേപിച്ചുകൊണ്ട് രൂക്ഷമായി എതിർത്തിരിക്കുകയാണ് മുഖ്യ പ്രതിപക്ഷ പാർട്ടിയായ ബി.ജെ.പി. നേതാജി സുഭാഷ് ചന്ദ്രബോസിന്റെ 115-ാം ജന്മദിന പരിപാടിയിൽ പങ്കെടുത്ത് പ്രസംഗിക്കവെ, അധഃസ്ഥിത ന്യൂനപക്ഷങ്ങളെ ദേശീയ ജീവിതത്തിന്റെ മുഖ്യധാരയിലേക്കാനയിക്കുന്നതിനു വേണ്ടി ആസൂത്രണം ചെയ്യപ്പെടുന്ന പദ്ധതികളെ ന്യൂനപക്ഷ പ്രീണനം ആരോപിച്ച് തുരങ്കം വെക്കുന്നു എന്ന് ബി.ജെ.പിയുടെ നിലപാടിനെ മൻമോഹൻ സിംഗ് കുറ്റപ്പെടുത്തുകയുണ്ടായി. ഭരണതലങ്ങളിൽ എല്ലാ ന്യൂനപക്ഷങ്ങൾക്കും അർഹമായ പ്രാതിനിധ്യം ലഭിക്കണമെന്നായിരുന്നു നേതാജി ബോസിന്റെ ഉറച്ച നിലപാട്. 1937-ൽ കോൺഗ്രസ് പ്രസിഡന്റായിരുന്നപ്പോൾ ഈ വിഷയകമായി അദ്ദേഹം അവതരിപ്പിച്ച കാഴ്ചപ്പാട് ഇന്നും ഏറെ പ്രസക്തമാണ്. സമൂഹത്തിന്റെ ഭരണയന്ത്രവും സാംസ്കാരികമണ്ഡലവും മാനവികതയുടെയും സമത്വത്തിന്റെയും മൂല്യങ്ങളിലധിഷ്ഠിതമായിരിക്കണമെന്ന കാര്യത്തിൽ നേതാജി പുലർത്തിപ്പോന്ന ദൃഢനിശ്ചയം തുറന്നുകാണിക്കുന്നതാണാ കാഴ്ചപ്പാടെന്ന് പ്രധാനമന്ത്രി വിശദീകരിച്ചു.

സച്ചാർ കമ്മിറ്റി റിപ്പോർട്ടിനോടുള്ള കോൺഗ്രസ്സിന്റെ സമീപനത്തെ ആസന്നമായ യു.പി തെരഞ്ഞെടുപ്പ് സ്വാധീനിച്ചിരിക്കാനുള്ള സാധ്യത തള്ളിക്കളയേണ്ടതില്ല. പക്ഷേ, ഇന്ത്യയുടെ പ്രധാനമന്ത്രി രാജ്യത്തെ അധഃസ്ഥിത വിഭാഗങ്ങളുടെ സമുദ്ധാരണത്തെക്കുറിച്ച് സംസാരിക്കുന്നതിനെ ഭരണഘടനാവിരുദ്ധമെന്ന് അധിക്ഷേപിക്കുന്നത് അപലപനീയമാണ്. നൂറ്റാണ്ടുകളായി അനീതിക്കും അവകാശനിഷേധത്തിനും വിധേയരായി ഒരു രംഗത്തും മുന്നാക്ക വിഭാഗങ്ങളുമായി മത്സരിക്കാനാവാതെ പാർശ്വവത്കൃതരായി കഴിയുന്ന ജനകോടികളോട് ഭരണഘടനാനുസൃതമായ സഹാനുഭൂതി പ്രകടിപ്പിക്കുന്നതിനെ ന്യൂനപക്ഷ പ്രീണനമായി കാണാൻ അവശവിഭാഗങ്ങൾ എന്നും തങ്ങളുടെ അടിയാളരും ആശ്രിതരുമായി കഴിഞ്ഞുകൊള്ളണമെന്ന ദുഷ്ടബുദ്ധി ഉള്ളിൽ സൂക്ഷിക്കുന്നവർക്കേ കഴിയൂ. അർഹിക്കുന്നതിനും അവകാശപ്പെട്ടതിനും അപ്പുറം വഴങ്ങിക്കൊടുക്കുന്നതും എടുക്കാനനുവദിക്കുന്നതുമാണ് പ്രീണനം. നിഷേധിക്കപ്പെട്ട അവകാശങ്ങൾ വകവെച്ചുകൊടുക്കുന്നത് കേവല നീതിയാണ്. രാഷ്ട്രത്തിന്റെ ഭരണഘടന സർക്കാറിലർപ്പിച്ച ഉത്തരവാദിത്വമാണത്.

രാഷ്ട്രീയ പാർട്ടികളും സർക്കാറുകളും സ്വീകരിക്കുന്ന ഏതു നിലപാടും -അതെത്ര നീതിയും ന്യായവുമായാലും ശരി- മുസ്‌ലിംകൾക്കനുകൂലമെങ്കിൽ പ്രീണനം തന്നെ എന്നാണ് ബി.ജെ.പിയുടെ നിലപാട്. അവരുടെ കണ്ണിൽ ഇതല്ലാതെ ഇന്ത്യയിൽ പ്രീണനമില്ല. ബാബരിമസ്ജിദ് പ്രശ്നത്തിൽ ബി.ജെ.പിയെ പിന്തുണച്ച ജയലളിത, 50 ശതമാനത്തിലധികം പാടില്ലെന്ന് സുപ്രീം കോടതിയുടെ റൂളിംഗ് അവഗണിച്ച് തമിഴ്നാട്ടിൽ 69 ശതമാനം സംവരണം പ്രഖ്യാപിച്ചതിൽ അവർ യാതൊരു പ്രീണനവും കാണുകയുണ്ടായില്ല. പക്ഷേ മുസ്‌ലിംസംവരണത്തെക്കുറിച്ച് ആരെങ്കിലും മിണ്ടിയാൽ മതി, അത് ഭരണഘടനാവിരുദ്ധമായ മുസ്‌ലിംപ്രീണനവും മതേതരത്വത്തിന്റെ ലംഘനവുമായി! മധ്യപ്രദേശ് ഗവൺമെന്റ് അവിടത്തെ മുസ്‌ലിം-ക്രൈസ്തവ വിദ്യാർഥികളിൽ സൂര്യനമസ്കാരം അടിച്ചേൽപിക്കുകയും എല്ലാവരും അതിൽ പങ്കെടുക്കുന്നുവെന്ന് ഉറപ്പാക്കാൻ ജില്ലാ കലക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്യുന്നത് കറകളഞ്ഞ ജനാധിപത്യവും മതേതരത്വവും ദേശീയതാൽപര്യ സംരക്ഷണവും! സ്വന്തം വിശ്വാസത്തിന് വിരുദ്ധമായ അനുഷ്ഠാനങ്ങൾ ന്യൂനപക്ഷങ്ങളുടെ മേൽ അടിച്ചേൽപിക്കരുതെന്ന് ആരെങ്കിലും പറഞ്ഞാൽ അത് ന്യൂനപക്ഷ പ്രീണനം! ഇതൊരു മനോരോഗമാണ്. പരമതങ്ങളെ സഹിഷ്ണുതയോടെ കാണുകയും രാജ്യത്തെ എല്ലാ പൗരന്മാർക്കും തുല്യമായ അവകാശബാധ്യതകൾ വകവെച്ചുകൊടുക്കുകയും ചെയ്യുമ്പോഴേ ഈ രോഗത്തിൽനിന്ന് രക്ഷപ്പെടൂ.

ജസ്റ്റിസ് സച്ചാറും പ്രധാനമന്ത്രിയും പ്രകടിപ്പിച്ച വീക്ഷണങ്ങൾ ഭരണമുന്നണിയിലെ എല്ലാ പാർട്ടികളും ഏറ്റെടുക്കുകയും അവരവരുടെ അണികളെ ബോധവത്കരിക്കുകയും ചെയ്യേണ്ടതുണ്ട്. പക്ഷേ, കോൺഗ്രസ് മന്ത്രിമാർക്ക് പുറമെ ദലിത് നേതാവായ മന്ത്രി രാംവിലാസ് പാസ്വാനും മുൻ പ്രധാനമന്ത്രി വി.പി സിംഗും മാത്രമേ പ്രധാനമന്ത്രിയുടെ പ്രഖ്യാപനങ്ങളെ കലവറയില്ലാതെ സ്വാഗതം ചെയ്യുകയും ധീരമായ നടപടികളുമായി മുന്നോട്ടുപോകാൻ അഭ്യർഥിക്കുകയും ചെയ്തുകണ്ടുള്ളൂ. മറ്റു പലരും പ്രശ്നത്തെ സമീപിക്കുന്നത് തെല്ലൊരു അധൈര്യത്തോടെയാണ്. ആ അധൈര്യം സംഘ്പരിവാറിന്റെ രോഗം മൂർഛിക്കാൻ സഹായകമാകുന്നു. ■